പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2757 18/06/2018 -ൽ മറുപടിയ്ക്ക്

**വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളുടെ പ്രവർത്തന മികവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സേവനം നൽകുന്നതിലെ വേഗതയുടെയും ഫയൽ തീർപ്പാക്കുന്നതിന്റെ കാര്യക്ഷമതയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളുടെ പ്രവർത്തന മികവ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എല്ലാ ജില്ലകളിലും ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. അതിനു ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും അത്തരത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലകളിലെ ഓഫീസുകളിൽ നേരിട്ട് സന്ദർശനം നടത്തി വരുന്നു.<br>തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പായി സമർപ്പിക്കാറുണ്ട്. |
| (ബി) വിവിധ തലത്തിലുള്ള ഓഫീസുകളുടെ പ്രവർത്തനമികവ് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇതിലെ പോരായ്മകൾ എന്തൊക്കെയാണ്; | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ഒ&എം പരിശോധനയും, ആകസ്മിക സന്ദർശനങ്ങളും നടത്തി വരുന്നു. ടി പരിശോധനാ വേളയിൽ ഗുരുതരമായ കൃത്യ വിലോപങ്ങൾ നടത്തുന്ന ജീവനക്കാർക്കെതിരെ നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ല ഉപ ഡയറക്ടർമാർ തങ്ങളുടെ പരിധിയിൽപ്പെട്ട കാര്യാലയങ്ങളിൽ വാർഷിക പരിശോധനകളും നടത്തി വരുന്നുണ്ട്.<br>മാസത്തിൽ ഒന്നോ രണ്ടോ പരിശോധനകൾ മാത്രമേ നടത്തുവാൻ സാധിക്കുന്നുള്ളു.<br>തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഓരോ മാസാന്ത്യം വരെയും പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ഫയലുകളുടേയും തപാലുകളുടേയും വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. ലഭിക്കുന്ന തപാലുകളിന്മേലുള്ള ഉചിത നടപടിയും ത്വരിത ഗതിയിലുള്ള തീർപ്പാക്കലും സാധിക്കുന്നു. വകുപ്പിലെ ഫയൽ നിക്കത്തെക്കുറിച്ചും തീർപ്പാക്കലിനെകുറിച്ചും |

പുരോഗതിയെക്കുറിച്ചും കൂടാതെ ഫയൽ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനും സാദ്ധ്യമാകുന്നു.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സേവനങ്ങൾ സമയ ബന്ധിതമായി ലഭിയ്ക്കാത്തത് അന്യ ജില്ലകളിൽ നിന്നുള്ള ജീവനക്കാർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) കൃത്യമായ ഇടവേളകളിൽ പ്രവർത്തന മികവ് പരിശോധിക്കുന്നതിന് സംവിധാന മേർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

(ഡി) ഒരു സാമ്പത്തിക വർഷത്തെ നാലായി തിരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ ഉപ ഓഫീസുകളിലും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫയൽ ഓഡിറ്റ് നടത്തുവാൻ തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ